## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *221 18.06.2018-ൽ മറുപടിയ്ക്ക്

## സംസ്ഥാന റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്ര വികസനത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി) ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; | (എ) നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) ൽ എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായാണ് വികസിപ്പിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന ഏകദേശം 469 കി.മീ.ദൈർഘ്യം വരുന്ന റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും, ലഘുവായ തോതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമായ ഏകദേശം 621 കി.മീ.ദൈർഘ്യം വരുന്ന റോഡുകൾ അപ്ഗ്രേഷൻ പാക്കേജിലുമാണ് നടപ്പിലാക്കി വരുന്നത്.<br>ഇവയിൽ റീഹാബിലിറ്റേഷൻ പാക്കേജിൽ, പാക്കേജ് - എ എന്ന പേരിൽ രണ്ട് റോഡുകൾ നിർമ്മാണം പൂർത്തീകരിക്കുകയും നിലവിൽ ഈ റോഡുകൾ 13 വർഷത്തെ പരിപാലന |

കാലാവധിയിലുമാണ്. പാക്കേജ് എ — യുടെ കീഴിൽ വരുന്ന പ്രവൃത്തികൾ താഴെ പ്പറയുന്നു.

1. വിദ്യാനഗർ - സീതാംഗോളി റോഡ് - 9.40 കി.മീ -കാസർഗോഡ് ജില്ല.
2. ഉപ്പള — കനിയാന റോഡ് - 15.6 കി.മീ.കാസർഗോഡ് ജില്ല.

റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന പാക്കേജ് ബി -ൽ രണ്ട് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിൽ 36.10 കി.മി. നീളമുള്ള കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതും 21.90 കി.മീ. നീളമുള്ള തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ചെറ്റച്ചൽ റോഡ് പ്രവൃത്തി ഏകദേശം 92% പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**(സി)** പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന റോഡ് വികസന പദ്ധതി (SRIP) യുടെ നിർവ്വഹണത്തിനായുള്ള പ്രത്യേക ദൗത്യസ്ഥാപനം (SPV) ആയി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) 2012 മാർച്ച് 19 ന് പൊതുമേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.

റോഡ് ഇൻഫ്രസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd ) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ള പുനരുദ്ധാരണ പാക്കേജിനു കീഴിൽ നാലു റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും റീഹാബിലിറ്റേഷൻ പാക്കേജിനു കീഴിൽ പാക്കേജ് -എ പാക്കേജ് - ബി എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. പാക്കേജ് എ- യുടെ രണ്ട് റോഡുകളായ ഉപ്പള — കനിയാന റോഡും വിദ്യാനഗർ - സീതാംഗോളി റോഡും പണി പൂർത്തിയായിട്ടുണ്ട്. പാക്കേജ് ബി - യുടെ കീഴിൽ വരുന്ന രണ്ട് റോഡുകളായ കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് ഇതിനോടകം പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതും വെള്ളനാട് ചെറ്റച്ചൽ റോഡിന്റെ പ്രവൃത്തി 2018 ആഗസ്റ്റിൽ പൂർത്തിയാകുന്നതുമാണ്.

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയിൽ പൊതു - സ്വകാര്യ പങ്കാളിത്തം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) പൊതു - സ്വകാര്യ പങ്കാളിത്തത്തോട്ട കൂടിയാണ് റീഹാബിലിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. നാല്ല റോഡുകൾ പി.പി.പി. ഡി.ബി.എഫ്.എം.ഓ.ടി (ഡിസൈൻ, ബിൽഡ്, ഫിനാൻസ്, മെയിന്റെയിൻ, ഓപ്പറേറ്റ്, ട്രാൻസ്ഫർ) ആന്യൂറ്റി വ്യവസ്ഥയിൽ ആണ് ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ